**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ നിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിലെ തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിലാണ് (ട്രഷറി, ബാങ്ക് ഉൾപ്പെടെ) നിലവിൽ നിക്ഷേപിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സർവകലാശാലകളിലെ തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിലാണ് (ട്രഷറി, ബാങ്ക് ഉൾപ്പെടെ) നിലവിൽ നിക്ഷേപിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പറയുന്നു:<br><br>**<u>കേരള സർവകലാശാല</u>**<br><br>കേരള സർവകലാശാലയിലെ തനത് ഫണ്ട് സ്ഥിരനിക്ഷേപങ്ങൾ എന്നിവ തിരുവനന്തപുരം ജില്ലാട്രഷറിയിലും, എസ്.ബി.ഐ., KUOC ശാഖയിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.<br><br>**<u>മഹാത്മാഗാന്ധി സർവകലാശാല</u>**<br><br>മഹാത്മാഗാന്ധി സർവകലാശാല തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കേരള സർക്കാർ ട്രഷറി എന്നിവിടങ്ങളിൽ ആണ് നിക്ഷേപിച്ചിരിക്കുന്നത്.<br><br>**<u>കാലിക്കറ്റ് സർവകലാശാല</u>**<br><br>കാലിക്കറ്റ് സർവകലാശാലയുടെ തനത് ഫണ്ട് സ്ഥിര നിക്ഷേപങ്ങൾ തിരൂരങ്ങാടി സബ് ട്രഷറിയിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാലിക്കറ്റ് യൂണിവേഴ്സിറ്റി ബ്രാഞ്ചിലും ആണ് നിക്ഷേപിച്ചിരിക്കുന്നത്.<br><br>**<u>കണ്ണൂർ സർവകലാശാല</u>**<br><br>കണ്ണൂർ സർവകലാശാലയുടെ സ്ഥിര നിക്ഷേപങ്ങൾ ജില്ലാ ട്രഷറി കണ്ണൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണൂർ എന്നിവിടങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്.<br><br>**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>** |

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ ട്രഷറിയിലും, ബാങ്ക് ഓഫ് ഇൻഡ്യയിലും, പഞ്ചാബ് നാഷണൽ ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്.

**നുവാൽസ്**

നുവാൽസിന് SBI കളമശ്ശേരി, SBI കലൂർ, HDFC കളമശ്ശേരി, Federal Bank കളമശ്ശേരി, ICICI തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ Savings Bank Account ഉം South Indian Bank കളമശ്ശേരി, Federal Bank കളമശ്ശേരി, Kerala Bank എറണാകുളം, Catholic Syrian Bank, കളമശ്ശേരി എന്നിവിടങ്ങളിൽ ഫിക്സഡ് ഡെപ്പോസിറ്റും, SBI കളമശ്ശേരി മെയിൻ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് (കൊച്ചി മെഡിക്കൽ കോളേജ് ബ്രാഞ്ച്) എന്നിവിടങ്ങളിൽ Endowment അക്കൗണ്ടും നിലവിലുണ്ട്. സർവകലാശാലയുടെ പ്ലാൻ ഫണ്ട് എറണാകുളം ജില്ലാ ട്രഷറിയിലും പ്രോജക്റ്റ് ഫണ്ട് കളമശ്ശേരി ഇന്ത്യൻ ബാങ്കിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ വിവിധങ്ങളായ സ്ഥിര നിക്ഷേപങ്ങൾ അങ്കമാലി സബ് ട്രഷറിയിലും തനത് ഫണ്ട് യൂണിയൻ ബാങ്ക് കാലടി ശാഖയിലും സംസ്കൃത സർവകലാശാല സഹകരണ സംഘത്തിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ തനത് ഫണ്ട് എസ്.ബി.ഐ.യുടെ തിരൂർ ശാഖയിലുള്ള കറന്റ് അക്കൗണ്ട് വഴിയാണ് കൈകാര്യം ചെയ്യുന്നതെങ്കിലും, പ്രസ്തുത അക്കൗണ്ടിൽ വരുന്ന തുക തിരൂർ സബ് ട്രഷറിയിലെ ടി.എസ്.ബി (ഇൻസ്റ്റിറ്റ്യൂഷൻ) അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ, കൊല്ലം ജില്ലാ ട്രഷറിയിലുള്ള യൂണിവേഴ്സിറ്റി അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടുകൾ എസ്.ബി.ഐയുടെ കൊല്ലം ശാഖയിലും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കൊല്ലം

| | | | |
|---|---|---|---|
| | | | ശാഖയിലുമാണ് നിക്ഷേപിക്കു ന്നത്. യൂണിവേഴ്സിറ്റിക്ക് യാതൊരു ബാങ്കിലും നിലവിൽ സ്ഥിര നിക്ഷേപങ്ങൾ ഇല്ല.<br><br>**<u>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല</u>**<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിലെ സ്ഥിര നിക്ഷേപങ്ങളെല്ലാം നിലവിൽ ട്രഷറിയിലാണ് ഉള്ളത്. സർവകലാശാലയിലേക്കുള്ള വിവിധ വരവുകൾ SBI, Federal Bank, HDFC Bank എന്നീ ബാങ്കുകളിലാണ് വരുന്നത്. |
| (ബി) | സർവകലാശാലാചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സർവകലാശാലകളിലെ പ്രസ്തുത നിക്ഷേപങ്ങൾ എവിടെയാണ് നിക്ഷേപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | സർവകലാശാലാ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സർവകലാശാലകളിലെ നിക്ഷേപങ്ങൾ ട്രഷറി / ഷെഡ്യൂൾഡ് ബാങ്ക് എന്നിവിടങ്ങളിലാണ് നിക്ഷേപിക്കേണ്ടത്. |
| (സി) | മേൽ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രസ്തുത നിക്ഷേപങ്ങൾ ബാങ്കുകളിൽ നിക്ഷേപിച്ചതിനെ തുടർന്ന് സർവകലാശാലകൾക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലകളിലെ തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ ബാങ്കുകളിൽ നിക്ഷേപിച്ചതിനെ തുടർന്ന് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃത, എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര, കുസാറ്റ് എന്നീ സർവകലാശാലകളിൽ ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുണ്ട്. ഇവയിൽ കാലിക്കറ്റ് സർവകലാശാലയ്ക്കെതിരായ ഓഡിറ്റ് പരാമർശം ഒഴിവായിട്ടുണ്ട്. മറ്റു സർവകലാശാലകൾ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ